**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1791** **09-12-2022 - ൽ മറുപടിയ്ക്ക്**

**അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക അടിസ്ഥാനസൗകര്യ മേഖലയിൽ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് എന്ത് മാറ്റമാണുണ്ടാക്കുക എന്ന് വ്യക്തമാക്കാമോ; കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് പ്രസ്തുത പദ്ധതികൊണ്ട് ലഭ്യമാവുക എന്ന് അറിയിക്കാമോ; | (എ) | കാർഷിക അടിസ്ഥാന സൗകര്യ മേഖലയിൽ നിക്ഷേപം ലഭ്യമാക്കി കാർഷികമേഖലയെ ശക്തിപ്പെടുത്തുവാൻ രൂപീകരിച്ചതാണ് അഗ്രികൾച്ചർ ഇൻഫ്രാസ്ട്രകർ ഫണ്ട് പദ്ധതി. വിളവെടുപ്പിന് ശേഷമുള്ള പ്രാഥമിക സംസ്കരണ, സംഭരണ പ്രവർത്തനങ്ങൾക്ക് ഈ പദ്ധതിയിലൂടെ വായ്പ ലഭ്യമാക്കുന്നു. അതോടൊപ്പം നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന പോളി ഹൗസുകൾ, വെർട്ടിക്കൽ ഫാമിംഗ് ഹൈഡ്രോപോണിക് ഫാമിംഗ്, ഡ്രോണുകൾ, എന്നിവയും സംസ്കരണത്തിന് ഉപയോഗിക്കുന്ന സെൻസറുകൾ, ബ്ലോക്ക് ചെയിൻ പ്രോജക്ടുകൾ തുടങ്ങിയവയും ഈ പദ്ധതി ഉപയോഗപ്പെടു ത്താവുന്നതാണ്. അടിസ്ഥാന സാകര്യമേഖലയിൽ ഉൾപ്പെടുന്ന ഗോഡൗണുകൾ, സോളാർ എനർജി പ്രോജക്ടുകൾ എന്നിവയും ഈ സ്കീം ഉപയോഗപ്പെടുത്താവുന്നതാണ്. ഇത്തര ത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിലൂടെ വിളവെടുപ്പിന് ശേഷമുള്ള നഷ്ടം പരമാവധി കുറയ്ക്കുന്നതിന് സഹായകരമാകും.<br><br>അഗ്രികൾച്ചർ ഇൻഫ്രാസ്ടക്ചർ ഫണ്ട് മുഖേന ഗുണഭോക്താക്കൾക്ക് 2 കോടി രൂപ വരെ 3% പലിശയിളവ് ലഭിക്കും. 3% പലിശയിളവിന് പുറമെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. വായ്പ തിരിച്ചടവിന്റെ കാലാവധി 2 വർഷത്തെ മൊറട്ടോറിയം ഉൾപ്പെടെ 7 വർഷമാണ്. ഓരോ ഗുണഭോക്താവിനും വ്യത്യസ്തമായ 25 യൂണിറ്റുകൾ വരെ ഒരു വില്ലേജിൽ ആരംഭിക്കാം. 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് CGTMSE (Credit Guarantee Fund Trust for Micro & Small Enterprises) പ്രകാരം സർക്കാരിന്റെ ക്രെഡിറ്റ് |

| | | | |
|---|---|---|---|
| | | | ഗ്യാരന്റിയും ലഭിക്കും. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് (PACS), നബാർഡിന്റെ PACS as MSC (Multi Service Centre) പദ്ധതിയുമായി ചേർന്ന് 1% പലിശക്ക് വായ്പ ലഭിക്കുന്നതാണ്. |
| (ബി) | വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ വകുപ്പുതല സേവനങ്ങൾ കർഷകർക്ക് കാര്യക്ഷമമായി നൽകുന്നതിന് എന്തെങ്കിലും സംവിധാനം വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കാമോ; സ്മാർട്ട് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വകുപ്പുതല സേവനങ്ങൾ കർഷകർക്ക് കാര്യക്ഷമമായി നൽകുന്നതിന് അഗ്രിക്കൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) എന്ന പേരിൽ ഒരു ഓൺലൈൻ പോർട്ടൽ - 2019-ൽ വികസിപ്പിച്ചിട്ടുണ്ട്. ഈ പോർട്ടൽ ആദ്യം ആരംഭിച്ചത് സ്മാർട്ട് (SMART – System for Monitoring Agriculture Relief Transaction) എന്ന പേരിലായിരുന്നു. വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിനുള്ള ദുരിതാശ്വാസം, നെൽ കർഷകർക്കുള്ള റോയൽറ്റി, പഴം പച്ചക്കറി കർഷകർക്കുള്ള അടിസ്ഥാന വില പദ്ധതി എന്നി പദ്ധതികൾ/സേവനങ്ങൾ പൂർണ്ണമായും പ്രസ്തുത സംവിധാനത്തിൽ നടന്നു വരുന്നു. AIMS-ൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. |
| (സി) | കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള കൂത്താളി കൃഷി ഫാമിൽ കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനായി വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ തുടങ്ങുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; നിലവിലുള്ള ഭൂമി പൂർണ്ണമായും കൃഷിയോഗ്യമാക്കുന്നതിന് മുൻപ് എടുത്ത തീരുമാനത്തിന്റെ പുരോഗതി വിശദമാക്കാമോ? | (സി) | കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ അപേക്ഷ പ്രകാരം കൂത്താളി ജില്ലാ കൃഷി തോട്ടത്തിലെ 2 ഏക്കർ സ്ഥലം ഗോഡൗൺ നിർമ്മിക്കുന്നതിന് പാട്ട വ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള അനുമതിക്കായി പ്രസ്തുത ഭൂമിയുടെ സ്കെച്ച് ഉൾപ്പെടെയുള്ള റിപ്പോർട്ട് പരിഗണനക്കായി കൃഷി ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഭൂമി പൂർണ്ണമായും കൃഷിയോഗ്യമാക്കുന്നതിന് മുൻപ് എടുത്ത തീരുമാനത്തിന്റെ പുരോഗതി അനുബന്ധം - II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – II**

കുത്താളി ജില്ലാകൃഷിത്തോട്ടത്തിൽ നിലവിലുള്ള ഭൂമി പൂർണ്ണമായും കൃഷി യോഗ്യമാക്കുന്നതിന് ബഹു. കൃഷിവകുപ്പ് മന്ത്രിയുടേയും, ബഹു. തൊഴിൽ & എക്സൈസ് വകുപ്പ് മന്ത്രിയുടേയും അദ്ധ്യക്ഷതയിൽ 05/08/202–ൽ നടത്തിയ യോഗ തീരുമാനത്തിൻമേൽ എടുത്ത നടപടികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

| **തീരുമാനം** | **സ്വീകരിച്ച നടപടി** |
|---|---|
| 40 ഹെക്ടർ വിസ്തീർണ്ണമുള്ള ഫാമിൽ, നിലവിൽ 30 ഹെക്ടർ മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. 10 ഹെക്ടർ പുതുതായി കാടു വെട്ടി തട്ട് തിരിച്ച് കൃഷി ചെയ്യുക. | 3 ഹെക്ടർ സ്ഥലം കൃഷിയ്ക്കായി തട്ട് തിരിച്ചു. അതിൽ 1 ഹെക്ടറിൽ കൃഷി ചെയ്തു. ബാക്കി തരിശ്ശായി കിടന്ന 7 ഹെക്ടർ ഭൂമിയിൽ, 2 ഹെക്ടറിൽ പുതുതായി കൃഷി ആരംഭിയ്ക്കുകയും, മാതൃസസ്യ തോട്ടം സ്ഥാപിയ്ക്കുകയും ചെയ്തു. |
| പാഴ് മരങ്ങളിൽ കുരുമുളക് വള്ളികൾ നടുക | ഫാമിലെ വിവിധ ഫീൽഡുകളിലുള്ള പാഴ് മരങ്ങളുടെ ചില്ല കോതി കുരുമുളക് വള്ളികൾ വെച്ച് പിടിപ്പിച്ചു. |
| കേടായിക്കിടക്കുന്ന കൊപ്ര ഉണക്ക് യന്ത്രം നന്നാക്കി കൊപ്ര ഉത്പാദിപ്പിക്കുക. | കൊപ്ര ഡ്രയർ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചു. |
| മികച്ച ഇനം പഴവർഗ്ഗങ്ങളുടേയും, അലങ്കാര സസ്യങ്ങളുടേയും ഗ്രാഫ്റ്റുകളും ബഡ്ഡുകളും തയ്യാറാക്കുക. | മികച്ച ഇനം പഴവർഗ്ഗങ്ങളുടേയും, അലങ്കാര സസ്യങ്ങളുടേയും ഗ്രാഫ്റ്റുകളും ബഡ്ഡുകളും തയ്യാറാക്കി വരുന്നു. |
| ഫാമിന്റെ മുൻവശത്ത് ഭംഗിയായ പൂന്തോട്ടം സ്ഥാപിയ്ക്കുക. | ഫാമിന്റെ മുൻവശത്ത് ഭംഗിയായ പൂത്തോട്ടം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഗേറ്റ് മുതൽ ഫാം ഓഫീസ് വരെയുള്ള പാതയ്ക്ക് അരികിൽ ഭംഗിയുള്ള അലങ്കാര സസ്യങ്ങൾ നട്ടുപിടിപ്പിട്ടുണ്ട്. |

കൂടാതെ മഴമറ, മിനി മിസ്റ്റ് ചേമ്പർ, ചെയിൻ ലിങ്ക് ഫെൻസിംഗ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ പദ്ധതി പ്രകാരം ചുറ്റുമതിൽ നിർമ്മാണം, വേലി നിർമ്മാണം എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സസ്യ സയോൺ ബാങ്ക്, റൂട്ട്സ്റ്റോക്ക് നഴ്സറി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആർ ഐ ഡി എഫ് നബാർഡ് പദ്ധതി പ്രകാരം കുത്താളി ജില്ലാകൃഷിത്തോട്ടത്തിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ഭൂവികസന പ്രവർത്തികൾ, 3 മഴമറകൾ, 4 മിസ്റ്റ് ചേമ്പറുകൾ, ബഡ്ഡിംഗ് – ഗ്രാഫ്റ്റിംഗ് ഷെഡ്, ചുറ്റുമതിൽ ചെയിൻ ലിങ്ക് എന്നിവയുടെ നിർമ്മാണത്തിനായി 2022–25 കാലയളവിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ സംയോജിത കൃഷി സമ്പ്രദായത്തിൽ പോത്ത് പരിപാലനം, കോഴി വളർത്തൽ, താറാവ് വളർത്തൽ, മത്സ്യ കൃഷി, ആട് വളർത്തൽ, മൂല്യ വർദ്ധിത ഉല്പാദനം അടിസ്ഥാന സൗകര്യം, റോഡ് നിർമ്മാണം, ഓഫീസ് കെട്ടിടം, ട്രെയിനിംഗ് സെന്റർ, ശുചിമുറി, വെയ്റ്റിംഗ് ഷെഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കൂടി തുക വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം –I

## AIMS-ൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

വെബ് ബ്രൗസറിലെ അഡ്രസ് ബാറിൽ www.aims.kerala.gov.in എന്ന് ടൈപ് ചെയ്യണം. ഇത് ഹോം പേജ് തുറക്കാൻ സഹായിക്കും. ഇതിനു ശേഷം, പോർട്ടലിന്റെ ഹോം പേജിൽ Farmers Login എന്ന മെനുവിൽ ക്ലിക് ചെയ്യുണം. തുടർന്ന് രജിസ്ട്രേഷൻ പേജിലെ പുതിയ രജിസ്ട്രേഷൻ എന്ന ബട്ടൺ അമർത്തണം. നേരത്തെ തന്നെ രജിസ്ട്രേഷൻ ഐഡി, പാസ്‌വേർഡ് എന്നിവ ലഭിച്ചിട്ടുണ്ടെങ്കിൽ അത് ഉപയോഗിച്ച് ലോഗിൻ ചെയ്യാം.

വ്യക്തികൾ (individuals) ഗ്രൂപ്പുകൾ (groups), സ്ഥാപനങ്ങൾ (institutions) എന്നിവയിൽ അനുയോജ്യമായത് തിരഞ്ഞെടുത്ത് രജിസ്റ്റർ ചെയ്യാവുന്നതാണ്. വ്യക്തികളായി രജിസ്റ്റർ ചെയ്യുമ്പോൾ ആധാർ നമ്പർ നൽകാനുള്ള കോളത്തിൽ ആധാർ നമ്പർ കൃത്യമായി നൽകണം. തുടർന്ന് മൊബൈൽ നമ്പർ ആവശ്യപ്പെടുമ്പോൾ ആയത് നൽകണം. മൊബൈൽ നമ്പരിലേക്ക് ഒരു OTP (ഒറ്റത്തവണ പാസ്‌വേർഡ്) ലഭിക്കും ഈ OTP നിർദേശിച്ചിരിക്കുന്ന കോളത്തിൽ ടൈപ്പ് ചെയ്യണം. തുടർന്ന് വ്യക്തി വിവരങ്ങൾ അതത് കോളങ്ങളിൽ ശരിയായി ചേർക്കണം. ഇതിൽ പേര് (ബാങ്ക് പാസ് ബുക്കിലുള്ളത് പോലെ), മേൽവിലാസം, വിദ്യാഭ്യാസ യോഗ്യത, ബാങ്ക് അക്കൗണ്ട് നമ്പർ, IFSC കോഡ് എന്നിവ ഉൾപ്പെടും. പോർട്ടൽ ലോഗിനിലേക്ക് പ്രവേശിക്കാൻ, സ്വന്തമായി ഒരു പാസ്‌വേഡ് നിശ്ചയിക്കുകയും, നിർദിഷ്ട കോളത്തിൽ ഇതു ചേർക്കുകയും ചെയ്യണം. പോർട്ടലിൽ നിന്നും ലഭിക്കുന്ന രജിസ്ട്രേഷൻ നമ്പർ, പാസ്‌വേർഡ് എന്നിവ ഭാവിയിലെ എല്ലാ നടപടികൾക്കായും സൂക്ഷിച്ചു വയ്ക്കണം.

മേൽപറഞ്ഞ രീതിയിൽ ലഭിച്ച രജിസ്ട്രേഷൻ നമ്പരും, പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യാം. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവരുടെ കൃഷിയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങളായ സ്ഥല വിവരങ്ങൾ, കൃഷി വിവരങ്ങൾ എന്നിവ നിർദിഷ്ട ഇടങ്ങളിൽ ചേർത്ത് കൊടുക്കണം. പ്രകൃതിക്ഷോഭം നടന്ന വിവരം ഉടനടി തന്നെ കൃഷി ഭവനെ അറിയിക്കാനുള്ള Report Calamity എന്ന സേവനവും ഇവിടെ ലഭ്യമാണ്. സ്ഥല വിവരങ്ങൾ ചേർക്കുന്നതിനായി Add New എന്ന ബട്ടണിൽ അമർത്തുമ്പോൾ Add land Details എന്ന പേജിൽ നിർദിഷ്ട കോളങ്ങളിൽ സ്ഥല വിവരങ്ങൾ ചേർക്കണം. താലൂക്ക്, വില്ലേജ്, ബ്ലോക് നമ്പർ, സർവേ നമ്പർ, ഡിവിഷൻ, തണ്ടപ്പേര്, വാർഡ്, സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ കൂടാതെ,സ്ഥലം പാട്ടത്തിന് എടുത്ത് കൃഷി ചെയ്യുന്ന കർഷകൻ ആണെങ്കിൽ പാട്ടത്തിനെടുക്കുന്ന സ്ഥലത്തിന്റെ ഉടമയുടെ പേരും ഫോൺ നമ്പരും കൂടി ചേർക്കണം. തെറ്റായ വിവരങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ തിരുത്തുവാനുള്ള സംവിധാനവുമുണ്ട്. ഇത് കൂടാതെ കരം അടച്ച രസീത്– പാട്ടക്കരാർ എന്നിവ സ്കാൻ ചെയ്ത് പോർട്ടലിൽ Upload ചെയ്യണം.

കൃഷി വിവരങ്ങൾ ചേർക്കേണ്ട പേജിൽ Add New ബട്ടൺ ഉപയോഗിച്ച് നിലവിൽ കൃഷി ചെയ്യുന്ന വിളകളുടെ വിവരങ്ങളും ചേർക്കണം. വിളയുടെ തരം, വിളയുടെ പേര്, വിളയുടെ എണ്ണം/വിസ്തീർണ്ണം, കൃഷി ആരംഭിച്ച തീയതി, ജലസേചനത്തിന്റെ സ്ഥിതി എന്നീ വിവരങ്ങൾ ഓരോ സ്ഥലത്തും കൃഷി ചെയ്യുന്നതിനനുസരിച്ച് ചേർത്ത് കൊടുക്കണം. നൽകിയ കൃഷി സംബന്ധമായ വിവരങ്ങൾ ഇതോടെ പോർട്ടലിൽ ഉൾപ്പെടുത്തിക്കഴിഞ്ഞിരിക്കും. മേൽ വിവരിച്ച പ്രകാരം നിലവിൽ കർഷകൻ കൃഷി ചെയ്യുന്ന നിരവധി വിളകളുടെ വിവരങ്ങൾ ഒരേസമയം ചേർത്ത് കൊടുക്കാം. പ്രൊഫൈൽ അപ്ഡേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് കർഷകന്റെ തിരിച്ചറിയൽ രേഖ, ബാങ്ക് പാസ് ബുക്കിന്റെ മുൻ പേജിന്റെ പകർപ്പ് എന്നിവ അപ്

ലോഡ് ചെയ്യുന്നതോടു കൂടി പ്രാരംഭ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി.

രജിസ്ട്രേഷൻ പൂർത്തിയായി കഴിഞ്ഞാൽ, AIMS പോർട്ടലിലെ സേവനങ്ങൾ (services) എന്ന ഭാഗത്തിൽ ലഭ്യമായിട്ടുള്ള പദ്ധതികൾ തെരഞ്ഞെടുത്ത് കർഷകർക്ക് കൃഷിഭവൻ സന്ദർശിക്കാതെ തന്നെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷകളുടെ തൽസ്ഥിതി വിവരം അറിയുവാനുള്ള സൗകര്യവും പോർട്ടലിൽ സജ്ജമാണ്.

വകുപ്പ് നടപ്പിലാക്കിവരുന്ന മറ്റ പദ്ധതികളായ സേവനാവകാശ നിയമം ഉറപ്പാക്കുന്ന സേവനങ്ങൾ, പ്രധാന കേന്ദ്ര പദ്ധതികൾ എന്നിവയിലൂടെ ലഭ്യമാകുന്ന സേവനങ്ങളും ഘട്ടം ഘട്ടമായി എയിംസ് പോർട്ടൽ മുഖാന്തിരം നടപ്പിലാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**